

നാം ദൈവത്തെ സ്നേഹിച്ചു എന്നതിലല്ല;
**അവിടുന്ന് നമ്മെ സ്നേഹിക്കുകയും**
നമ്മുടെ പാപങ്ങൾക്ക് പരിഹാര
ബലിയായി സ്വപുത്രനെ അയക്കുകയും
ചെയ്തു എന്നതിലാണ് സ്നേഹം

1 യോഹ 4:10

## വിചിന്തനം – ആഗസ്റ്റ് 2020

കേട്ടു പതിഞ്ഞ ഒരു വാക്കാണ് ദൈവസ്നേഹം. എന്നാൽ എത്ര പറഞ്ഞാലും തീരാത്തതും ഈ സ്നേഹമാണ്. ദൈവം എന്നെ എത്രമാത്രം സ്നേഹിക്കുന്നുവെന്ന തിരിച്ചറിവാണ് ഒരാളുടെ ജീവിതത്തിന്റെ ആത്മീയ യാത്രയുടെ വഴിതുറക്കുന്നത്. ആ സ്നേഹത്തിന്റെ ആഴങ്ങൾ തേടിയുള്ള  നിതാന്ത യാത്രയാണ് ആത്മീയതയുടെ പുരോഗതി. സ്നേഹം സ്നേഹിക്കപ്പെടുന്നില്ല എന്ന വിലാപം ആയിരുന്നു വിശുദ്ധ ഫ്രാൻസിസ് അസീസിയുടേത്. ആ വിലാപ ഗാനത്തിൽ രണ്ട് കാര്യങ്ങൾ ഉണ്ടായിരുന്നു. ഒന്നാമതായി ക്രിസ്തു എത്രമാത്രം എന്നെ സ്നേഹിക്കുന്നുവെന്ന തിരിച്ചറിവ്. രണ്ടാമതായി ആ സ്നേഹത്തിന് ഒത്തവിധം എനിക്ക് തിരിച്ച് സ്നേഹിക്കാൻ ആവുന്നില്ല എന്നതിന്റെ ഖേദം. ഇവിടെയാണ് നമ്മളും ആരംഭിക്കേണ്ടത്.

“നാം ദൈവത്തെ സ്നേഹിച്ചു എന്നതിലല്ല, അവിടുന്ന് നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്ക് പരിഹാര ബലിയായി സ്വപുത്രനെ അയക്കുകയും ചെയ്തു എന്നതിലാണ് സ്നേഹം” (1 യോഹ 4:10).  വചനം വ്യക്തമാക്കുന്നത് നമ്മുടെ സ്നേഹത്തിന് ഒരു ആരംഭം ഉണ്ടെന്നാണ്. ദൈവത്തെയോ മനുഷ്യരെയോ സ്നേഹിക്കുവാൻ കഴിയണമെങ്കിൽ ആദ്യം അവിടുന്ന് എന്നെ സ്നേഹിക്കുന്നു എന്ന അവബോധമാണ് ആവശ്യം. ദൈവത്തിന്റെ ആ സ്നേഹം ഒരു ചുവടുകൂടി മുന്നോട്ടുവയ്ക്കുകയാണ് ഈ വിചിന്തനത്തിലൂടെ. ആ സ്നേഹത്തിന്റെ ധ്യാനമാണ് ലൂക്കായുടെ സുവിശേഷം പതിനഞ്ചാം അധ്യായത്തിൽ നാം കാണുന്നത്.  നമ്മൾ എങ്ങനെ സ്നേഹിക്കണം എന്ന് നമ്മോട് പറയുന്ന ഉപമയല്ല കാണാതെ പോയ ആടിന്റെ ഉപമ, മറിച്ച് ദൈവം നമ്മളെ എങ്ങനെ സ്നേഹിക്കുന്നു എന്ന് പറയുന്നതാണ്. നിങ്ങൾക്ക് നൂറ് ആടുകൾ ഉണ്ടായിരിക്കേ അതിൽ ഒരെണ്ണം നഷ്ടപ്പെട്ടാൽ തൊണ്ണൂറ്റിയൊൻപതിനേയും മേച്ചിൽ  പുറത്തുവിട്ടിട്ട് നഷ്ടപ്പെട്ട ഒന്നിനെ അന്വേഷിച്ചു പോകാത്ത ആരാണുള്ളത്? ഇതാണ് ക്രിസ്തുവിന്റെചോദ്യം. ക്രിസ്തു പറയുന്നു ഒരു ആടിന്റെ വില  നിങ്ങൾക്കറിയാം. അതുകൊണ്ട് ഒന്നല്ലേ പോയുള്ളൂ സാരമില്ല എന്നു പറഞ്ഞ് നിങ്ങൾ സ്വസ്ഥമായി ഇരിക്കില്ല. മുൾപ്പടർപ്പുകൾക്കിടയിലൂടെ അലഞ്ഞു നിങ്ങൾ ആ ആടിനെ കണ്ടെത്തുന്നു. സുവിശേഷത്തിലെ നല്ലിടയന്റെ ഉപമയുമായി ഇതിനെ ചേർത്ത് വായിക്കേണ്ട കാര്യമില്ല. ഇവിടെ  സാധാരണക്കാരനായ ഒരു ഇടയൻ – നഷ്ടപ്പെട്ടത് ഒരു ആട് ആണെങ്കിലും അതിന്റെ വില അറിയാവുന്നതുകൊണ്ട്, അല്ലെങ്കിൽ ഉടമസ്ഥന് മുൻപിൽ കണക്കു ബോധിപ്പിക്കേണ്ടതുകൊണ്ട് ആ ഒരാടിനെ കണ്ടെത്തും. ഇത് വലിയ സ്നേഹത്തിന്റെ കഥയൊന്നുമല്ല. തുടർന്നു പറയുന്നത് കാണാതായ നാണയത്തിന്റെ ഉപമയാണ്. ഏതു സ്ത്രീയാണ് പത്ത് നാണയം ഉണ്ടായിരിക്കെ അതിലൊന്ന് നഷ്ടപ്പെട്ടാൽ വീടുമുഴുവൻ അടിച്ച് വാരി അന്വേഷിക്കാത്തത് എന്നാണ് ക്രിസ്തു ചോദിക്കുന്നത്.  അപ്പോൾ കാര്യം വ്യക്തമാണ്. ഇവിടെ വിഷയം സ്നേഹമല്ല വിലയാണ്. മനുഷ്യൻ അങ്ങനെയാണ്. അവന് വിലയുള്ളത് എന്ന് തോന്നുന്ന കാര്യങ്ങൾക്കായി അവൻ കഠിനമായി അധ്വാനിക്കുന്നു.  കഥ കാര്യമാകുമ്പോൾ നമ്മൾ മനസ്സിലാക്കുന്നു. ദൈവത്തിന് ഇന്ന് ഏറ്റവും വിലയേറിയത് മനുഷ്യനാണ്.

ആടിന്റെയും നാണയത്തിന്റെയും മറ്റു വസ്തുക്കളുടെയും വില അറിയാവുന്ന നിങ്ങൾ അതന്വേഷിക്കുന്നു. ഒരെണ്ണമല്ലേ, നഷ്ടപ്പെട്ടു എന്ന് കരുതി സ്വസ്ഥരായിരിക്കുന്നില്ല. എന്നാൽ ആത്മാവിന്റെ വില അറിയാവുന്ന ദൈവം മനുഷ്യരുടെ കാര്യത്തിൽ നിങ്ങളെ പോലെയാണ്.  ഒരു മനുഷ്യനല്ലേ നഷ്ടപ്പെട്ടുള്ളൂ തൊണ്ണൂറ്റിയൊൻപതു വിശുദ്ധർ എനിക്ക്  ഉണ്ടല്ലോ എന്നോർത്ത് സ്വസ്ഥമാകാത്തവനാണ് ദൈവം.  കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ ഈ ലോകത്ത് കോടിക്കണക്കിന് മനുഷ്യർ പാപത്തിൽ ജീവിച്ചതിനാൽ ദൈവം മനുഷ്യനായി അവതരിച്ച് അവർക്ക് വേണ്ടി കുരിശിൽ മരിച്ചു എന്നല്ല, ഈ ഭൂമിയിൽ എല്ലാവരും വിശുദ്ധരായിരിക്കെ പാപിയായി ഞാൻ മാത്രമേ ഉണ്ടായിരുന്നുവെങ്കിലും ക്രിസ്തു വരുമായിരുന്നു, എനിക്ക് വേണ്ടി മാത്രം മരിക്കാൻ. അതാണ് ദൈവസ്നേഹം. ഒരുപാടുപേർ അവിടുത്തോടു കൂടെ ഉണ്ട് എന്ന കാരണത്താൽ പാപിയായ എന്റെ വില ഇടിയുന്നില്ല. അവൻ എനിക്ക് ഒരു വലിയ വില നൽകിയിരിക്കുന്നു. അവന്റെ ജീവന്റെയും മരണത്തിന്റെയും വില.